"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - 2024-25 സാമ്പത്തിക വർഷത്തെ കേരളത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ എന്ന പദ്ധതി - കോഴിക്കോട് ജില്ലയിലെ വളയനാട് വില്ലേജ് ഓഫീസിന് നൽകിയ ഭരണാനുമതി നീലേശ്വരം സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി മാറ്റി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.411/2026/RD തീയതി,തിരുവനന്തപുരം, 22-02-2026

---

പരാമർശം:-

1. 16.10.2020 തീയതിയിലെ സ.ഉ(സാധാ) നം.3169/2020/റവ നമ്പർ സർക്കാർ ഉത്തരവ്.
2. 24.01.2025 തീയതിയിലെ സ.ഉ(സാധാ) നം.197/2025/റവ നമ്പർ സർക്കാർ ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 01.09.2025 തീയതിയിലെ LR/855/2025-LR(M2)-Part(2) നമ്പർ കത്ത്.
4. 15.01.2026 തീയതിയിലെ സ.ഉ(സാധാ) നം.112/2026/റവ നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

2024-25 സാമ്പത്തിക വർഷം 'കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി കോഴിക്കോട് ജില്ലയിലെ കൊടുവള്ളി, വളയനാട് വില്ലേജ് ഓഫീസുകളെ തിരഞ്ഞെടുത്ത് പരാമർശം 2 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. എന്നാൽ കൊടുവള്ളി വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ തടസ്സമില്ലാത്ത സ്ഥലം കൊടുവള്ളിയിൽ ലഭ്യമല്ലാത്തതിനാൽ കൊടുവള്ളി വില്ലേജ് ഓഫീസിന് നൽകിയ ഭരണാനുമതി കെടവൂർ വില്ലേജ് ഓഫീസിന് മാറ്റി അനുവദിക്കണമെന്നും, വളയനാട് വില്ലേജ് ഓഫീസ് കെട്ടിടം 2020-ൽ പുതുക്കി പണിതതിനാൽ വളയനാട് വില്ലേജിന് അനുവദിച്ച ഭരണാനുമതി നിലേശ്വരം വില്ലേജിന് മാറ്റി അനുവദിക്കണമെന്നും കോഴിക്കോട് ജില്ലാ കളക്ടർ അപേക്ഷിച്ചിട്ടുള്ളതായി ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം 3 പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2] കൂടാതെ, 2020-21 പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി നീലേശ്വരം വില്ലേജ് ഓഫീസിന്റെ അഡീഷണൽ റൂം, ഫർണിച്ചർ എന്നിവയ്ക്കായുള്ള 14,46,000/- രൂപയുടെ പ്രവൃത്തി തിരഞ്ഞെടുത്ത് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നതും പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിരുന്നതുമാണ് എന്നും നിലവിൽ നീലേശ്വരം വില്ലേജിന്റെ കെട്ടിടം വളരെ പഴക്കം ചെന്നതും, സൗകര്യം കുറഞ്ഞതാണെന്നും, അതിനാൽ, പുതുതായി നിർമിച്ച അഡീഷണൽ റൂം നിലനിർത്തിക്കൊണ്ട്, പഴയ കെട്ടിടം പൊളിച്ചുമാറ്റി, സ്മാർട്ട് വില്ലേജോഫീസ് നിർമിക്കുന്നതിന്

ഭരണാനുമതി അനുവദിക്കണമെന്നും അഭ്യർത്ഥിക്കുകയുണ്ടായി.

3] കോഴിക്കോട് ജില്ലയിലെ കൊടുവള്ളി വില്ലേജ് ഓഫീസിന് നൽകിയ ഭരണാനുമതി കെടവൂർ വില്ലേജ് ഓഫീസിന് മാറ്റി അനുവദിച്ച് പരാമർശം 4 പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

4] മേൽ സാഹചര്യത്തിൽ, 2020-2021 പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുതുതായി നിർമ്മിച്ച നീലേശ്വരം വില്ലേജ് ഓഫീസിലെ അഡീഷണൽ റൂം നിലനിർത്തിക്കൊണ്ട്, പഴയ കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി, 2024-25 സാമ്പത്തിക വർഷത്തെ കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ വളയനാട് വില്ലേജ് ഓഫീസിന് സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി നൽകിയ ഭരണാനുമതി നീലേശ്വരം വില്ലേജ് ഓഫീസിന് മാറ്റി അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റ്റി ആർ ജയപാൽ

അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, കോഴിക്കോട്

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba V R
Date: 23-02-2026 11:20:53

സെക്ഷൻ ഓഫീസർ.